മത്സ്യത്തൊഴിലാളികൾക്കായി വീടുകൾ നിർമ്മിച്ച് നൽകുന്നതിന് പദ്ധതി

108 (7671) ശ്രീ. എം. എ. വാഹീദ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്കായി വീടുകൾ നിർമ്മിച്ച് നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതിക്ക് അർഹരായവരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) തയ്യാറാക്കിയിട്ടുണ്ട്. ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്കായി ഫിഷറീസ് വകുപ്പ് മുഖേന വിവിധ ഭവനനിർമ്മാണ ധനസഹായ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. മത്സ്യമേഖലയിൽ 13-ാം ധനകാര്യ കമ്മീഷൻ മാതൃകാ മത്സ്യഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി 4973 ഭവനങ്ങളും ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭവനനിർമ്മാണ പദ്ധതി പ്രകാരം നൽകിയ 1600 വീടുകളും ഉൾപ്പെടെ ആകെ 6573 വീടുകൾ ഈ സർക്കാർ വന്നശേഷം അനുവദിച്ച് നൽകിയിട്ടുണ്ട്. ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഘട്ടം ഘട്ടമായി ഭവനനിർമ്മാണ ധനസഹായം നൽകി കേരളത്തിലെ എല്ലാ മത്സ്യത്തൊഴിലാളികൾക്കും ഭവനം നൽകുകയെന്ന ലക്ഷ്യത്തോടെയാണ് ഫിഷറീസ് വകുപ്പ് വിവിധ ഭവന നിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. കൂടാതെ സ്വന്തമായി സ്ഥലവും വീടുമില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് സ്ഥലം വാങ്ങി വീട്/ഫ്ളാറ്റ് നിർമ്മിച്ച് നൽകുന്നതിന് 20 കോടി രൂപയുടെ പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) സംസ്ഥാനത്ത് ഭവനരഹിതരും സ്വന്തം പേരിൽ ഭൂമിയുള്ളവരുമായ മത്സ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിനുള്ള ധനസഹായം നൽകുന്നതിനും ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് വീട്/ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്നതുംവഴി മത്സ്യത്തൊഴിലാളികളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളും മത്സ്യഭവനുകളുംവഴി അപേക്ഷ ക്ഷണിച്ച് തയ്യാറാക്കിയ അർഹതാ ലിസ്റ്റിൽനിന്നും ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഫണ്ട് (എൻ.എഫ്.ഡബ്ല്യു.എഫ്) ഉപയോഗിച്ചുള്ള ഭവനപദ്ധതിയുടെ ഗുണഭോക്താക്കളെ ജില്ലാ കളക്ടർ ചെയർമാനായും തീരദേശ മണ്ഡലങ്ങളിലെ എം.എൽ.എ.-മാർ അംഗങ്ങളുമായ ജില്ലാ ഗുണഭോക്തൃ കമ്മിറ്റിയും മാതൃകാ മത്സ്യഗ്രാമ പദ്ധതിയിലെ ഗുണഭോക്താക്കളെ പദ്ധതി പ്രദേശം ഉൾപ്പെടുന്ന മണ്ഡലത്തിലെ എം.എൽ.എ. ചെയർമാനും ജില്ലാ കളക്ടർ കൺവീനറുമായി ജില്ലാതല ബനിഫിഷ്യറി/മാനേജ്മെന്റ് കമ്മിറ്റിയും യോഗം ചേർന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഭവനരഹിതർക്ക് ഭവനം അനുവദിക്കുന്നതിനായി സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ 4973 വീടുകൾക്കായി 110 കോടി രൂപയും മത്സ്യത്തൊഴിലാളികൾക്ക് വീട്/ഫ്ളാറ്റ് നിർമ്മിക്കുന്നതിനായി 20 കോടി രൂപയുമടക്കം 130 കോടി രൂപ 2011-15 കാലയളവിൽ ചെലവഴിച്ചു വരുന്നു.

ദേശീയ മത്സ്യത്തൊഴിലാളി ഭവനനിർമ്മാണ പദ്ധതിപ്രകാരം 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ 800 വീടുകൾ വീതം വീടൊന്നിന് 2 ലക്ഷം രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. 2014-15 വർഷത്തിൽ 800 വീടുകൾക്കായി 12 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം വിവിധ ഘട്ടങ്ങളിലായി തുടരുന്നു.

മത്സ്യത്തൊഴിലാളികൾക്ക് വീട്

109 (7672) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതിക്ക് അർഹരായവരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(ഡി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly